സാമ്പത്തിക സാക്ഷരതാ വാരം
ജൂൺ 4-8, 2018

# ഉപഭോക്താവിന്റെ ഉത്തരവാദിത്വം – നിയമാനുസൃതമല്ലാത്ത ഇലക്ട്രോണിക് ബാങ്ക് ഇടപാടുകൾ

നിങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ അല്ലെങ്കിൽ ക്രെഡിറ്റ് /ഡെബിറ്റ് കാർഡിൽ നിയമാനുസൃതമല്ലാത്ത ഇടപാട് അല്ലെങ്കിൽ തട്ടിപ്പ് നടന്നിട്ടുണ്ടോ ?

പരിഭ്രമിക്കരുത്; നിങ്ങളുടേയും ബാങ്കിന്റേയും സുരക്ഷയ്ക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ അനുസരിക്കുക

1. നിയമാനുസൃതമല്ലാത്ത ഇടപാട് നടന്നതായി അറിഞ്ഞാൽ എത്രയും വേഗം ഫോൺ, എസ്എംഎസ്, ഇ – മെയ്ൽ എന്നിവയിലൂടെയോ നിങ്ങളുടെ ശാഖയിൽ നേരിട്ട് ചെന്നോ ബാങ്കിനെ വിവരം അറിയിക്കുക. നിങ്ങൾ വിവരം അറിയിക്കാൻ വൈകുന്നതിന് അനുസരിച്ച് നിങ്ങളുടെ അല്ലെങ്കിൽ നിങ്ങളുടെ ബാങ്കിന്റെ നഷ്ട സാധ്യത വർദ്ധിക്കും
2. നിങ്ങളുടെ പരാതി കൈപ്പറ്റിയതിന് രസീത് വാങ്ങുക
3. പരാതി കൈപ്പറ്റി 90 ദിവസത്തിനുള്ളിൽ അത് തീർപ്പാക്കപ്പെടേണ്ടതാണ്

## നിങ്ങളുടെ ഉത്തരവാദിത്വം അറിയുക

**നിങ്ങളുടെ അശ്രദ്ധ #**

- നിങ്ങൾ വിവരം അറിയിക്കും വരെ ▶ നിങ്ങളുടെ നഷ്ടം
- നിങ്ങൾ വിവരം അറിയിച്ചു കഴിഞ്ഞാൽ ▶ ബാങ്കിന്റെ നഷ്ടം

**ബാങ്കിന്റെ അകശദ്ധ**

- ബാങ്കിന്റെ നഷ്ടം

**മൂന്നാം കക്ഷിയുടെ തെറ്റ്**

- മൂന്ന് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ* ▶ നിങ്ങൾക്ക് ബാധ്യതയില്ല
- 4 – 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ * ▶ ഇടപാട് തുക ബിഎസ്ബിഡി അക്കൗണ്ടിന് 5000 രൂപയും എസ്ബി/ ക്രെഡിറ്റ് കാർഡ് (5 ലക്ഷം രൂപ വരെ പരിധിയുള്ളതിന്) 10000 രൂപയും എന്ന പരമാവധി ബാധ്യതയ്ക്ക് വിധേയമായിരിക്കും
- 7 പ്രവൃത്തി ദിവസങ്ങൾ കഴിഞ്ഞ്* ▶ ബാങ്കിന്റെ നയം അനുസരിച്ച്



★ ബാങ്കിൽ നിന്നുള്ള അറിയിപ്പ് കിട്ടിയതു മുതൽ ബാങ്കിനെവിവരം അറിയിക്കുന്നതിന് എടുക്കുന്ന സമയം

# പാസ്‌വേർഡ്, പിൻ, ഒ. ടി.പി. മുതലായവ പങ്കുവെയ്ക്കൽ പോലുള്ളവ

## ഓർത്തിരിക്കേണ്ട പ്രധാന കാര്യങ്ങൾ

- എസ്എംഎസ്, ഇ – മെയിൽ അറിയിപ്പുകൾക്കായി രജിസ്റ്റർ ചെയ്യുക
- നിങ്ങളുടെ ബാങ്കിന്റെ ഫോൺ നമ്പർ, ടോൾ ഫ്രീ ഹെൽപ് ലൈൻ, ഇമെയിൽ, നിങ്ങളുടെ ബാങ്ക് ശാഖയുടെ വിലാസം എന്നിവ അറിഞ്ഞുവെയ്ക്കുക

Design: Anupam Sharma01/18

സാമ്പത്തിക സാക്ഷരത ● സമൃദ്ധിയിലേക്കുള്ള പാത

**നിങ്ങളുടെ ഉത്തരവാദിത്വം അറിയുക**

ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
www.rbi.org.in